**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2206** **21-06-2024-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ മെഡിക്കൽ കോളേജുകളുടെ നവീകരണം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. തോമസ് കെ. തോമസ് | ശ്രീ. കെ. മുരളീധരൻ |
| ശ്രീ. കോവൂർ കുഞ്ഞുമോൻ | (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി) |
| ശ്രീ. മാത്യു ടി. തോമസ് | |
| ശ്രീ. കെ. പി. മോഹനൻ | |

**(എ)** സർക്കാർ മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u> സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിന്റെ ഭാഗമായി 2023-2024 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടായി 401.35 കോടി രൂപയും 2024-2025 വർഷത്തിൽ 401.24 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ നബാർഡ്, കിഫ്ബി, സെൻട്രലി സ്പോൺസേർഡ് സ്കീം മുതലായവ ഉപയോഗിച്ചു അടിസ്ഥാന സൗകര്യ വികസനം നടത്തുന്നുണ്ട്.**

**(ബി)** മെഡിക്കൽ കോളേജുകളിലെ കാലപ്പഴക്കമുള്ള കെട്ടിടങ്ങൾക്ക് പകരം കൂടുതൽ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** മെഡിക്കൽ കോളേജുകളിലെ പഴക്കം ചെന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയവ പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പഴക്കം ചെന്ന എല്ലാ കെട്ടിടങ്ങളും ഒരുമിച്ച് പൊളിച്ചു നീക്കം ചെയ്യുക അപ്രായോഗികമാണ്. പഴക്കം ചെന്ന കെട്ടിടങ്ങൾ ഇനി ഉപയോഗ ശൂന്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് സാക്ഷ്യപ്പെടുത്തിയാലുടൻ, പ്രസ്തുത കെട്ടിടം പൊളിക്കൽ നടപടികൾ ആരംഭിക്കുകയും, പൊളിക്കൽ നടപടികൾ പൂർത്തിയായതിനു ശേഷം ടി സ്ഥലത്ത് പുതിയ കെട്ടിടം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. കോട്ടയം മെഡിക്കൽ കോളേജിൽ കാലപ്പഴക്കം ചെന്ന ടൈപ്പ് 3 ക്വാർട്ടേഴ്സ് പൊളിച്ചു മാറ്റുകയും നബാർഡ് പദ്ധതിയിലൂടെ ഇൻഫെക്ഷ്യസ് ഡിസീസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നടപ്പിലാക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരം പുതിയ ഒ.പി ബ്ലോക്ക് പണിയുന്നതിനായി 16, 17, 18, 19, 24, 25, DICU വാർഡുകൾ ഉൾപ്പെടുന്ന കെട്ടിട സമുച്ചയം പൊളിച്ചു മാറ്റിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ ഉപയോഗിക്കാൻ പറ്റാതെ പഴക്കം ചെന്ന കെട്ടിടങ്ങൾ കാലാകാലങ്ങളിൽ പൊളിച്ചു മാറ്റുന്നതിനും

പകരം കൂടുതൽ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**